(ബി) ഗ്രാമീണ മേഖലയിൽ കുടിവെള്ള വിതരണത്തിനും ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സർക്കാർ നടത്തുന്ന നിക്ഷേപങ്ങൾക്ക് സുസ്ഥിരത ഉറപ്പുവരുത്തുന്നതിനാണ് ജലനിധി ആത്യന്തികമായി ലക്ഷ്യമിടുന്നത്. കേന്ദ്രീകൃത ജലവിതരണ സംവിധാനങ്ങൾക്ക് പകരം, വികേന്ദ്രീകൃത ജലവിതരണ സംവിധാനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ജലവിതരണ ശുചിത്വ മേഖലയിലെ സംവിധാനങ്ങളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

(സി) ഒന്നാംഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

ഗ്രാമീണ ശുദ്ധജല വിതരണത്തിന് പദ്ധതി

192(893) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണത്തിന് എന്തെല്ലാം കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തൊക്കെയാണ് ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം 67% കവറേജിനും 15% ഒ&എം-നും 10% സസ്റ്റൈനബിലിറ്റിക്കും 5% സപ്പോർട്ട് ആക്ടിവിറ്റീസിനും 3% വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ആന്റ് സർവൈലൻസിനുമായിട്ടാണ് തുക അനുവദിക്കുന്നത്. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നും എസ്സി./എസ്ടി. കോളനികളിലേക്ക് ഡിസ്ട്രിക്ട് കളക്ടർവഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2009 മുതൽ ഈ 'പദ്ധതി നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം' എന്ന പേരിലാണ് അറിയപ്പെടുന്നത്.

(സി) ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുവേണ്ടി പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഫീൽഡുതലങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനംവഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്റർ ചെയ്തു വരുന്നു.

പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

193(894) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഇതുമൂലം അവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവിടെ ഇപ്പോൾ എത്ര കിലോമീറ്റർ പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്;